# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 8/037577/12

ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം. തീയതി: 27.12.2012

## മെമ്മോറാണ്ടം

വിഷയം:- **2013-ലെ അവധികൾ നിശ്ചയിച്ചു പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്-**

സൂചന:- (1). 22.05.2012-ലെ ഉഭയകക്ഷി സേവന വേതന കരാർ.
(2). 18.12.2012-ലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചായോഗത്തിന്റെ മിനിട്ട്സ്.
(3). 15.10.2012-ലെ ജി.ഒ.(പി) നമ്പർ 276/2012/ജി.എ.ഡി. എന്ന നമ്പർ സർക്കാർ ഉത്തരവ്.

**2013**-ൽ കെ.എസ്.ആർ.ടി.സി.യിൽ അനുവദിക്കാവുന്ന അവധികൾ ഇതിനാൽ നിശ്ചയിച്ച് പ്രഖ്യാപിക്കുന്നു.

**I. ദേശീയ അവധികൾ**

| | | | |
|---|---|---|---|
| 1) | 26.01.2013 | ശനി | റിപ്പബ്ലിക് ദിനം. |
| 2) | 01.05.2013 | ബുധൻ | മെയ്ദിനം. |
| 3) | 15.08.2013 | വ്യാഴം | സ്വാതന്ത്ര്യദിനം. |
| 4) | 02.10.2013 | ബുധൻ | ഗാന്ധി ജയന്തി. |

**II. ഉത്സവ അവധികൾ**

| | | | |
|---|---|---|---|
| 5) | 25.01.2013 | വെള്ളി | മിലാദേഷെരീഫ്. |
| 6) | 29.03.2013 | വെള്ളി | ദുഃഖവെള്ളി. |
| 7) | 06.08.2013 | ചൊവ്വ | കർക്കടകവാവ്. |
| 8) | 09.08.2013 | വെള്ളി | റംസാൻ. |
| 9) | 22.08.2013 | വ്യാഴം | ശ്രീനാരായണഗുരു ജയന്തി. |
| 10) | 16.09.2013 | തിങ്കൾ | തിരുവോണം. |
| 11) | 17.09.2013 | ചൊവ്വ | മൂന്നാം ഓണം. |
| 12) | 21.09.2013 | ശനി | ശ്രീനാരായണഗുരു സമാധി. |
| 13) | 14.10.2013 | തിങ്കൾ | വിജയദശമി. |
| 14) | 16.10.2013 | ബുധൻ | ബക്രീദ്. |
| 15) | 02.11.2013 | ശനി | ദീപാവലി. |
| 16) | 25.12.2013 | ബുധൻ | ക്രിസ്തുമസ്. |

(തുടർച്ച....2)

ഈ വർഷം അസാധാരണമായി നാലാം ഓണം മലയാള മാസമായ കന്നിയിൽ വരുന്നതിനാൽ 18.09.2013-ന് (നാലാം ഓണം) പ്രത്യേകമായി പരിഗണിച്ച് അവധി അനുവദിക്കുന്നു.

***ടി അവധി ദിവസങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്നതും പ്രസ്തുത ദിവസങ്ങളിൽ ഡ്യൂട്ടി ഓഫോ വീക്കിലി ഓഫോ ആയാൽ ആയത് സൗകര്യപ്രദമായ മറ്റൊരു ദിവസത്തേക്ക് മാറ്റി അനുവദിക്കുന്നതുമാണ്.***

കൂടാതെ പൊതുഅവധി ഞായറാഴ്ച്ചവരുന്ന താഴെപ്പറയുന്ന ആഘോഷദിനങ്ങളിലുംകൂടി നിബന്ധനകൾക്ക് വിധേയമായി അവധി അനുവദിക്കുന്നതാണ്.

## III. നിബന്ധനകൾക്ക് വിധേയമായിട്ടുള്ള അവധികൾ

| | | | |
|---|---|---|---|
| 1) | 10.03.2013 | ഞായർ | ശിവരാത്രി. |
| 2) | 31.03.2013 | ഞായർ | ഈസ്റ്റർ |
| 3) | 14.04.2013 | ഞായർ | വിഷു / ഡോ. ബി.ആർ.അംബേദ്കർ ദിനം |
| 4) | 15.09.2013 | ഞായർ | ഒന്നാം ഓണം |

(എ) സർവ്വീസ് നടത്തിപ്പിനെയോ, വർക്ക്ഷോപ്പിന്റെ പ്രവർത്തനത്തെയോ പ്രതികൂലമായി ബാധിക്കില്ലെന്ന് ഉറപ്പുള്ളപക്ഷം ജീവനക്കാർക്ക് അതതു ദിവസംതന്നെ ടി അവധി അനുവദിക്കാവുന്നതാണ്.

(ബി) പ്രസ്തുത ദിവസങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്നതാണ്.

(സി) ടി അവധി ദിവസങ്ങളിൽ ഡ്യൂട്ടി ഓഫ് ആയാൽ ആയത് സൗകര്യപ്രദമായ മറ്റൊരു ദിവസത്തേക്ക് മാറ്റി അനുവദിക്കുന്നതാണ്. **എന്നാൽ പ്രസ്തുത ദിവസങ്ങളിൽ വീക്കിലി ഓഫ് ആയാൽ ആയത് മറ്റൊരു ദിവസത്തേക്ക് മാറ്റി അനുവദിക്കുന്നതല്ല.**

## IV. നിയന്ത്രിത അവധികൾ

22.05.2012-ൽ ഒപ്പുവച്ച ഉഭയകക്ഷി സേവന വേതന കരാർ ഖണ്ഡം XXX പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താഴെ പറയുന്ന നിയന്ത്രിത അവധികൾ ജീവനക്കാർക്ക് അനുവദിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1) | 02.01.2013 | ബുധൻ | മന്നം ജയന്തി. |
| 2) | 20.08.2013 | ചൊവ്വ | ആവണി അവിട്ടം. |

***ടി ദിവസങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അവധിക്ക് അർഹതയുള്ള ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്നതും പ്രസ്തുത ദിവസങ്ങളിൽ ഡ്യൂട്ടി ഓഫോ, വീക്കിലി ഓഫോ ആയാൽ ആയത് സൗകര്യപ്രദമായ മറ്റൊരു ദിവസത്തേക്ക് മാറ്റി അനുവദിക്കുന്നതുമാണ്.***

**ചെയർമാൻ & മാനേജിങ് ഡയറക്ടർക്കുവേണ്ടി**
**ജനറൽ മാനേജർ**

എല്ലാ യൂണിറ്റധികാരികൾക്കും.
എല്ലാ മേഖലാ അധികാരികൾക്കും.

പകർപ്പ്:-
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.
അംഗീകൃത തൊഴിലാളി സംഘടനകൾക്കും.
കരുതൽ ഫയൽ / ഫയൽ.